# കേരളാ സ്റ്റേറ്റ്
# എക്സൈസ് സ്റ്റാഫ് അസോസിയേഷൻ
## ജില്ലാകമ്മറ്റി, മലപ്പുറം, രജിസ്റ്റർ നമ്പർ 263/88

---

**സർക്കുലർ നമ്പർ 6/2016-17**

സുഹൃത്തെ,

അസോസിയേഷന്റെ ജില്ലാകമ്മറ്റി യോഗം 13.01.2017 ന് രാവിലെ 10 മണിക്ക് ജില്ലാ പ്രസിഡന്റ് കെ. പ്രദീപ്കുമാറിന്റെ അധ്യക്ഷതയിൽ മലപ്പുറം എക്സൈസ് ഭവനിൽ വെച്ച് ചേർന്നു. തമിഴ്നാട് മുഖ്യമന്ത്രി ഡോ. ജെ. ജയലളിത, അഭിനയ ഇതിഹാസം ഓം പുരി, മലയാള നടൻ ജഗനാഥവർമ്മ, സ്വാശ്രയ വിദ്യഭ്യാസ കേന്ദ്രങ്ങളിലെ പീഢനങ്ങളുടെ രക്തസാക്ഷി ജിഷ്ണു എന്നിവരുടെ വേർപാടിൽ യോഗം അനുശോചനം രേഖപ്പെടുത്തി.

കഴിഞ്ഞ ജില്ലാ കമ്മറ്റി കാലയളവിന് ശേഷം നടത്തിയ പ്രവർത്തനങ്ങളെ കുറിച്ച് സെക്രട്ടറി ശ്രീ. വി.കെ. സുരജ് റിപ്പോർട്ട് അവതരിപ്പിച്ചു. ഡിസംബർ 14-ന് സംസ്ഥാന കലാകായികമേളയിൽ പങ്കെടുത്ത ജീവനക്കാർക്ക് സംഘാടക സമിതിയും, സംഘടനയും ചേർന്ന് ഒരുക്കിയ അനുമോദന ചടങ്ങ് പങ്കാളിത്തം കൊണ്ടും മുഖ്യാതിഥി ഒളിമ്പ്യൻ ഒ.പി. ജയ്ഷയുടെ സാന്നിദ്ധ്യം കൊണ്ടും ഏറെ മികവുറ്റതായെന്ന് അഭിപ്രായപ്പെട്ടു. ഡിസംബർ 16, 17 ദിവസങ്ങളിൽ ജില്ലക്കകത്തെ എല്ലാ ഓഫീസുകളിലുടെയും നടത്തിയ മെമ്പർഷിപ്പ് ക്യാമ്പയിൻ വൻവിജയമായിരുന്നുവെന്ന് റിപ്പോർട്ട് ചെയ്തു. 215 മെമ്പർഷിപ്പാണ് ഈ വർഷം ജില്ലയിൽ സംഘടനക്കുള്ളത്. സംഘടനയുടെ വനിതാ സബ് കമ്മിറ്റിയുടെ നേതൃത്വത്തിൽ ജനുവരി 4-ന് വനിതാ ജീവനക്കാരുടെ യോഗം വിളിച്ചു ചേർത്തതായും റിപ്പോർട്ട് ചെയ്തു. ജില്ലയിലെ ചില ഓഫീസുകളുടെ ഭൗതിക സാഹചര്യങ്ങൾ അടിയന്തിരമായി മെച്ചപ്പെടുത്തേണ്ടതുണ്ടെന്നും, പുതിയ ഓഫീസ് കെട്ടിടവും, സ്ഥലവും ലഭ്യമാക്കുന്നതിനുള്ള ഇടപടലുകൾ നടത്തണമെന്ന് തുടർന്ന് സംസാരിച്ച ജില്ലാ പ്രസിഡന്റ് പറഞ്ഞു. തുടർന്ന് സംഘടനയുടെ സംസ്ഥാന ജനറൽ സെക്രട്ടറി കെ. രാമകൃഷ്ണൻ സംസ്ഥാന കമ്മിറ്റിയുടെ പ്രവർത്തനങ്ങളെ കുറിച്ച് വിശദീകരിച്ചു. ജനുവരി 30-ന് ആലുവയിൽ വെച്ച്, സംസ്ഥാന കലാകായികമേളയിൽ വിജയികളായവർക്ക് സ്വീകരണം നൽകാൻ തീരുമാനിച്ച വിവരം ജനറൽ സെക്രട്ടറി യോഗത്തെ അറിയിച്ചു. തുടർന്ന് റിപ്പോർട്ടിലും, ഭാവി പരിപാടികളെക്കുറിച്ചും നടന്ന സജീവമായ ചർച്ചക്കൊടുവിൽ താഴെ പറയുന്ന തീരുമാനങ്ങൾ കൈക്കൊണ്ടു.

**തീരുമാനങ്ങൾ**

1) ജില്ലയിലെ വാടക കെട്ടിടങ്ങളിലുള്ള ഓഫീസുകൾക്ക് സ്ഥലമോ സ്വന്തം കെട്ടിടമോ ലഭ്യമാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുവാൻ ശ്രീ. എ.പി. ദിപീഷ് കൺവീനറായ സബ് കമ്മിറ്റി രൂപീകരിച്ചു. കമ്മറ്റിയിൽ സർവ്വശ്രീ. പ്രകാശൻ പി., അബ്ദുൽനാസർ.ഒ, ആസിഫ് ഇക്ബാൽ. കെ, രവീന്ദ്രനാഥ്.പി, പ്രഭാകരൻ പള്ളത്ത് എന്നിവർ അംഗങ്ങളായിരിക്കും.

2) ജനുവരി 19-ന് മലപ്പുറത്ത് വെച്ച് നടക്കുന്ന വിമുക്തിയുടെ ജില്ലാതല ഉദ്ഘാടന പരിപാടി വിജയിപ്പിക്കുവാൻ തീരുമാനിച്ചു. വിമുക്തിയുടെ ഭാഗമായി ലഹരിവിരുദ്ധ ബോധവൽക്കരണ പ്രവർത്തനങ്ങൾക്ക് സഹായകരമാകുന്ന ഒരു സി.ഡി. സംഘടന പുറത്തിറക്കുവാൻ തീരുമാനിച്ചു. ജില്ലയിലെ എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ഈ സി.ഡി. നൽകുവാൻ തീരുമാനിച്ചു.

3) ജനുവരി 30-ന് ആലുവയിൽ വെച്ച് സംസ്ഥാന കമ്മിറ്റി സംഘടിപ്പിക്കുന്ന കലാകായികമേളയിലെ വിജയിക്കൾക്കുള്ള അനുമോദന ചടങ്ങിൽ സമ്മാനാർഹരായ മുഴുവൻ ജീവനക്കാരെയും പങ്കെടുപ്പിക്കുവാൻ തീരുമാനിച്ചു.

4) സി.ഇ.ഒ. ശ്രീ. മുരളീധരൻ പി. ഗ്രേഡ് അനുവദിക്കുന്നതുമായി ബന്ധപ്പെട്ട് സംഘടനക്ക് നൽകിയ കത്ത് കൂടുതൽ നടപടികൾക്കായി സംസ്ഥാന കമ്മിറ്റി മുമ്പാകെ സമർപ്പിക്കുവാൻ തീരുമാനിച്ചു.

യോഗത്തിൽ ജില്ലാ എക്സിക്യൂട്ടീവ് അംഗം ശ്രീ. രവീന്ദ്രനാഥ് പി. നന്ദി രേഖപ്പെടുത്തി. യോഗം ഉച്ചക്ക് 1.30 മണിക്ക് അവസാനിച്ചു.

അഭിവാദനത്തോടെ,

മലപ്പുറം
13.1.2017

വി.കെ. സുരജ്
ജില്ലാ സെക്രട്ടറി